(ഡി) സംസ്ഥാന കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ [ജി.ഒ. (എംഎസ്.) 152/12/എഡി. തീയതി 19-6-2012] 2012-13 വർഷത്തിൽ 'കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും' എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ 201.14 കോടി രൂപയും 2013-14 വർഷം 368.01 കോടി രൂപയും കർഷകർക്ക് ബാങ്ക് മുഖേന നൽകാൻ നടപടി സ്വീകരിച്ചു.

കാർഷികോൽപ്പന്നങ്ങൾ കൃഷി ഭവനുകൾ വഴി സംഭരിക്കുന്ന പദ്ധതി

108 (7405) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾ കൃഷിഭവനുകൾവഴി സംഭരിക്കുന്ന പദ്ധതി ഏതെല്ലാം കൃഷിഭവനുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ; അതിനായി കൃഷി ഓഫീസർമാർക്ക് എത്ര രൂപ അനുവദിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) സംഭരിച്ച കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങൾ കൃഷിഭവനുകളിൽ സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കാർഷികരംഗത്തെ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന കൃഷിഭവനുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതുപരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷികോല്പന്നങ്ങളിൽ പച്ച നാളികേരമാണ് തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ സംഭരിച്ചുവരുന്നത്.

2013 ജനുവരി മാസം ഒന്നാം തീയതി സംസ്ഥാനത്ത് ആരംഭിച്ച പച്ച നാളികേര സംഭരണ പദ്ധതി ഇപ്പോൾ 10 ജില്ലകളിലെ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, പാലക്കാട്, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) 339 കൃഷിഭവനുകളിലൂടെ നടപ്പിലാക്കി വരികയാണ്. കൃഷി ഭവനുകളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചനാളികേരം കേരഫെഡ് മുഖേന ശേഖരിച്ച് കൊപ്രയാക്കി മാറ്റുന്നു. കൃഷിഭവൻ മുഖേന സംഭരിക്കുന്ന പച്ചനാളികേരത്തിന്റെ വില കർഷകർക്ക് നേരിട്ട് നൽകുന്നതിനാവശ്യമായ തുക റിവോൾവിംഗ് ഫണ്ടായി കേരഫെഡിൽ നിന്നും കൃഷി ഓഫീസർമാർക്ക് നൽകുന്നു. പദ്ധതി പ്രകാരം കൃഷിഭവന് രണ്ട് ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംവിധാനങ്ങൾ കൃഷി ഭവനുകളിൽ സജ്ജീകരിച്ചിട്ടില്ല. കൃഷി ഭവനിൽ ഇപ്പോൾ സംഭരിച്ചുകൊണ്ടിരിക്കുന്ന പച്ച നാളികേരം ഉടനെതന്നെ കേരഫെഡ് ശേഖരിച്ച് കൊപ്രയാക്കി മാറ്റുകയാണ് ചെയ്തുവരുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

109 (7406) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ ഘടന വിശദീകരിക്കാമോ ;

(ബി) അഗ്രോ സർവ്വീസ് സെന്റർ ഒന്നിന് പ്രതിവർഷം എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഓരോ അഗ്രോ സർവ്വീസ് സെന്ററുകളും 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓരോ അഗ്രോ സർവ്വീസ് സെന്ററിലും ഐ.റ്റി.ഐ., വി.എച്ച്.എസ്.എ., എസ്.എസ്.എൽ.സി. എന്നീ യോഗ്യതയുള്ള 5 പേർ വീതം (കുറഞ്ഞത്) അംഗങ്ങളായിരിക്കും. സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകർ/കൃഷി ഓഫീസർ ആണ് സെന്ററിന്റെ ഫെസിലിറ്റേറ്റർ. അംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ തിരഞ്ഞെടുക്കുന്നു. താഴെപ്പറയുന്നവർ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളാണ്.

1. അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രസിഡന്റ്
2. സെക്രട്ടറി
3. സഹകരണ ബാങ്ക് പ്രസിഡന്റ്
4. കൃഷി അസിസ്റ്റന്റ് ഡയറക്ടർ
5. കൃഷി ഓഫീസർ

(ബി) യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും പ്രാരംഭ ചെലവുകൾക്കായി 7 ലക്ഷം രൂപയും ചേർത്ത് മൊത്തം 32 ലക്ഷം രൂപ ഓരോ അഗ്രോ സർവ്വീസ് സെന്ററിനും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly